# ശിവ പഞ്ചാക്ഷര സ്തുതി

## (പൂന്താനം)

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

**ന**രനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ
നരകത്തീന്നെന്നെ കരകേററീടണം
തിരുവൈയ്ക്കം വാഴും ശിവ ശംഭോ 1

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

**മ**രണകാലത്തെ ഭയത്തെച്ചിന്തിച്ചാൽ
മതിമറന്നുപോം മനമെല്ലാം
മനതാരിൽ വന്നു വിളയാടീടേണം
തിരുവൈയ്ക്കം വാഴും ശിവ ശംഭോ 2

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

**ശി**വ ശിവയൊന്നും പറയാവതല്ലേ
മഹമായതന്റെ പ്രകൃതികൾ
മഹമായനീക്കീട്ടരുളേണം നാഥ
തിരുവൈയ്ക്കം വാഴും ശിവ ശംഭോ 3

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

http://www.vaikhari.org

**വ**ലിയോരുകാട്ടിലകപ്പെട്ടേൻ ഞാനും
വഴിയും കാണാതെ ഉഴലുമ്പോൾ
വഴിയിൽ നേർവഴിയരുളേണം നാഥ
തിരുവൈയ്ക്കം വാഴും ശിവ ശംഭോ 4

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

**എ**ളുപ്പമായുള്ള വഴിയെക്കാണുമ്പോൾ
ഇടയ്ക്കിടെയാറുപടിയുണ്ട്
പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
ശിവനെക്കാണാകും ശിവ ശംഭോ 5

ശിവ ശംഭോ ശംഭോ ശിവ ശംഭോ ശംഭോ
ശിവ ശംഭോ ശംഭോ ശിവ ശംഭോ

http://www.vaikhari.org